ഹജ്ജിന് പോകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുവാൻ നടപടി

24. [1426] ശ്രീ ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും മുനിസിപ്പാലിറ്റീസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം ഹജ്ജിന് പോകുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(ബി) കോഴിക്കോട് നിന്ന് നേരിട്ട് ഹജ്ജിന് പോകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) 4704 പേരുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ഈ വർഷത്തെ ഹജ്ജിന് കോഴിക്കോട് വിമാനത്താവളത്തിൽ നിന്ന് നേരിട്ട് ജിദ്ദയ്ക്കു പോകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നില്ല. കേന്ദ്രഹജ്ജ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം കേരളം മദ്രാസ് മേഖലയിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ എല്ലാ കേരള ഹാജിമാരും മദ്രാസ് വഴിയാണ് പോകുന്നത്. എന്നാൽ കോഴിക്കോട്ട് നിന്നും മദ്രാസിലേക്ക് പ്ലെയിനിൽ പോകുന്നവർക്ക് അന്നുതന്നെ ജിദ്ദയ്ക്ക് പോകുന്നതിന് സംവിധാനം ഉണ്ടാക്കാനും എമിഗ്രേഷനും കസ്റ്റംസ് ക്ലിയറൻസും കോഴിക്കോട് നടത്താനുമായി സംവിധാനമുണ്ടാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്തെ പോളിടെക്നിക്കുകൾ

25. [1486] ശ്രീ തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര പോളിടെക്നിക്കുകൾ ഉണ്ട്;

(ബി) കൂടുതൽ പോളിടെക്നിക്കുകൾ ആരംഭിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) നിലവിലുള്ള പോളിടെക്നിക്കുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഗവൺമെൻറ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 42 എണ്ണം.

(ബി) 1996-97 അദ്ധ്യയന വർഷം മുതൽ 8 ടെക്നിക്കൽ ഹൈസ്ക്കൂളുകളെ പോളിടെക്നിക്കായി ഉയർത്തിയിട്ടുണ്ട്. അവ നെടുമങ്ങാട്, കൊടുങ്ങല്ലൂർ, എഴുകോൺ, കൃഷ്ണപുരം, ചിറ്റൂർ, മഞ്ചേരി, കുറ്റിപ്പുറം, ചെറുവത്തൂർ എന്നിവയാണ്.

(സി) ലോക ബാങ്ക് പദ്ധതി അനുസരിച്ച് അദ്ധ്യാപകർക്കുള്ള പരിശീലനം, ഉപകരണങ്ങൾ വാങ്ങുക, കെട്ടിടത്തിനുള്ള സ്ഥലം വാങ്ങുക, നിർമ്മാണ പ്രവർത്തനം നടത്തുക എന്നിങ്ങനെയുള്ള കാര്യങ്ങൾ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly